2010, ഖുത്വ്ബ നമ്പര്‍- 39

بسم الله الرحمن الرحيم

24.09.2010
ബൈത്തുല്‍ ഫുതുഹ്
ലണ്ടന്‍

# ഓരോ ഖാദിമും തന്റെ ജീവനെയും ധനത്തെയും സമയത്തെയും അന്തസ്സിനെയും ദീനിന്നായി ബലിയര്‍പ്പിക്കുവാന്‍ സദാ സന്നദ്ധരാവുക.

സെപ്റ്റംബര്‍, ഒക്ടോബര്‍ മാസങ്ങളില്‍ പല രാജ്യങ്ങളിലും ജമാഅത്തിന്റെ പോഷക സംഘടനകളുടെ ഇജ്തിമാകള്‍ നടക്കാറുള്ളതാണ്. ഇന്ന് ഇവിടെ യു.കെ ഖുദ്ദാമുല്‍ അഹ്മദിയ്യായുടെ ഇജ്ത്തിമക്ക് സമാരംഭം കുറിക്കുകയാണ്. അടുത്ത ജുമുഅയില്‍ അന്‍സാറിന്റെയും ലജ്നയുടെയും ഇജ്തിമകളും നടക്കും. ഇന്‍ശാ അല്ലാഹ്. കഴിഞ്ഞ 27,28 വര്‍ഷങ്ങളായി യു.കെ യിലെ ഇജ്തിമാകളില്‍ കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യം ഇജ്ത്തിമാകളുടെ ഒരു ഭാഗമായി മാറിയിരിക്കുന്നു. പാക്കിസ്ഥാനില്‍ നിന്നുള്ള ഹിജ്റത്തിന് മുമ്പ് എല്ലാ പോഷക സംഘടനകളുടെ ഇജ്തിമാകളിലും കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യം ഉണ്ടാകുമായിരുന്നു. പാക്കിസ്ഥാനില്‍ നിന്നും ബന്ധപ്പെട്ട പോഷക സംഘടനകളുടെ പ്രതിനിധികള്‍ ഇജ്ത്തിമയില്‍ പങ്കെടുക്കുകയും റബ്വയുടെ ചൈതന്യം തന്നെ അപ്പോള്‍ ഇരട്ടിയാകുമായിരുന്നു. പ്രത്യേകിച്ച് ഖുദ്ദാമുകള്‍ക്കും അത്ഫാലുകള്‍ക്കും പ്രത്യേക ആവേശമായിരുന്നു. അവര്‍ ഇജ്ത്തിമയുടെ വരവും കാത്തിരിക്കും. ടെന്റുകളിലാണ് താമസിക്കാറുണ്ടായിരുന്നത്. ഓരോ മജ്ലിസും സ്വന്തം പുതപ്പുകള്‍ കൊണ്ട് വന്ന് താല്‍ക്കാലിക ടെന്റുകള്‍ കെട്ടുമായിരുന്നു. ഇവിടെ കാണുന്ന ടെന്റുകള്‍ പോലെയല്ല, പുതപ്പുകള്‍ കൊണ്ടുതന്നെയാണ് അവര്‍ ടെന്റുകള്‍ കെട്ടിയിരുന്നത്. അവരുടെ താമസസ്ഥലങ്ങളില്‍ പല വര്‍ണ്ണങ്ങളിലുള്ള ടെന്റുകള്‍ കാണാമായിരുന്നു. ഒക്ടോബര്‍ മാസം പാക്കിസ്ഥാനെ സംബന്ധിച്ചേടത്തോളം നല്ല കാലാവസ്ഥയാണ്. മഴയുണ്ടാകാറില്ല. അത്കൊണ്ട്തന്നെ വളരെ നല്ല രീതിയില്‍ ഇജ്തിമ നടക്കുമായിരുന്നു. പക്ഷെ ഇവിടത്തെ കാലാവസ്ഥ അപ്രകാരമല്ല. യു.കെ. ഇജ്ത്തിമകള്‍ കൊണ്ട് എനിക്കെന്റെ ചെറുപ്പത്തിലെ ഇജ്ത്തിമകള്‍ ഓര്‍മ്മവരുമായിരുന്നു. അതോടൊപ്പം അക്രമികളുടെ അക്രമപരമായ നിയമവാഴ്ചക്കടിപ്പെട്ട് കഴിയുന്ന മര്‍ദ്ദിത സമൂഹത്തെ തങ്ങളുടെ പരിഷ്കരണത്തില്‍ നിന്നും ശിക്ഷണത്തില്‍ നിന്നും, അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്മരിക്കാനായി ഒരുമിച്ചുകൂടുന്ന ഇത്തരം ഇജ്ത്തിമാകളില്‍ നിന്ന് പോലും വിലക്കിയിരിക്കുന്നു. എന്നാല്‍ ഞാനും നിങ്ങളും ഉറച്ച് വിശ്വസിക്കുന്നത്, ഈ അവസ്ഥ എന്നെന്നും നിലനില്‍ക്കുന്നതല്ല എന്നും ഒരിക്കല്‍ ഈ അക്രമങ്ങളും അക്രമികളും ഈ ഭൂമുഖത്ത് നിന്ന് തന്നെ തുടച്ച് നീക്കപ്പെടുമെന്നതില്‍ സംശയമില്ല എന്നുമാണ്. അല്ലാഹു നമുക്ക് ക്ഷമയോടും സ്ഥൈര്യത്തോടും പ്രാര്‍ത്ഥനയോടും കൂടി മുന്നോട്ട് പോകാനുള്ള സൗഭാഗ്യം തന്നരുളുമാറാകട്ടെ.

യഥാര്‍ത്ഥത്തില്‍ ഈ കാര്യങ്ങള്‍ ഇജ്ത്തിമാവേളയിലാണ് ഞാന്‍ പറയേണ്ടിയിരുന്നത്. ഓരോ വര്‍ഷങ്ങളിലെ ഇജ്തിമാകളിലും ബന്ധപ്പെട്ട പോഷകസംഘടനകളെ അഭിസംബോധന ചെയ്ത് സംസാരിക്കാറുമുണ്ട്. എന്നാല്‍ ഇപ്രാവശ്യം ജുമുഅയിലും ഇക്കാര്യത്തെക്കുറിച്ച് പറയാം എന്നെനിക്ക് തോന്നി. എന്തുകൊണ്ടെന്നാല്‍ പാക്കിസ്ഥാനില്‍ നടന്നുവന്നിരുന്ന കേന്ദ്ര ഇജ്ത്തിമാകളില്‍ ഉദ്ഘാടനത്തിലും സമാപനവേളയിലും കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങള്‍ ഉണ്ടാകുമായിരുന്നു. രണ്ടാമത്തെ കാര്യം, ഇജ്ത്തിമാകളില്‍ പൊതുവായി നടക്കാറുള്ള എന്റെ സമാപന പ്രഭാഷണം എം.ടി. എയില്‍ നേരിട്ട് സംപ്രേഷണം ചെയ്യപ്പെടാറില്ല. ഒരാഴ്ച കഴിഞ്ഞോ 10 ദിവസങ്ങള്‍ക്ക് ശേഷമോ ആണ് അത് സംപ്രേഷണം ചെയ്തിരുന്നത്. ബഹുഭൂരിഭാഗം ആളുകള്‍ക്കും അത് കേള്‍ക്കാനും സാധിച്ചിട്ടുണ്ടാവില്ല. മൂന്നാമതായി, ഇജ്ത്തിമ നടക്കുന്ന സ്ഥലങ്ങളിലുള്ളവര്‍ എന്റെ ഈ ഖുത്ബയെ തങ്ങള്‍ ക്കുള്ള സന്ദേശമായി മനസ്സിലാക്കി അതിനനുസരിച്ച് പ്രവര്‍ത്തിക്കാനായി ശ്രമിക്കുക. കൂടാതെ പാക്കിസ്ഥാനിലെ മര്‍ദ്ദിത അഹ് മദി സമൂഹത്തിനു വേണ്ടി ദുആ ചെയ്യുക. നാലാമത്തെ കാര്യം പുതിയ പുതിയ ജമാഅത്തുകളും പോഷകസംഘടനകളും രൂപീകരിക്കപ്പെടുന്ന സ്ഥലങ്ങളിലുള്ളവരും തങ്ങളുടെ ഉത്തരവാദിത്ത്വത്തെ മനസ്സിലാക്കിക്കൊണ്ട് ഖുത്വുബകള്‍ നേരിട്ട് കേട്ട് പ്രയോജനപ്പെടുത്തുവാന്‍ ശ്രമിക്കുക. ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ഖുദ്ദാമുല്‍ അഹ്മദിയ്യാക്ക് പ്രത്യേകിച്ചും ജമാഅത്തംഗങ്ങളോട് പൊതുവായും ചില കാര്യങ്ങള്‍ പറയാന്‍ ആഗ്രഹിക്കുകയാണ്.

വിശുദ്ധ ഖുര്‍ആനില്‍ ദീനീ സേവനത്തെപ്പറ്റിയും പരിഷ്ക്കരണത്തെക്കുറിച്ചും തൗഹീദിനെ നിലനിര്‍ത്തുന്നതിനെ സംബന്ധിച്ചും സൂറാ കഹ്ഫില്‍ യുവാക്കളുമായി ബന്ധപ്പെട്ട് രണ്ട് സ്ഥലങ്ങളിലായി പരാമര്‍ശങ്ങള്‍ കാണാം. ഈ യുവാക്കള്‍ മൂസവീ മസീഹിനെ വിശ്വസിക്കുന്നവരായിരുന്നു. ഏകദേശം 300 കൊല്ലങ്ങളോളം ഇവര്‍ കൊടിയ മര്‍ദ്ധനങ്ങളും കഷ്ടതകളും സഹിച്ച് പോന്നു. കഷ്ടതകളുടെ ആധിക്യം കാരണം അവര്‍ക്ക് ദീര്‍ഘകാലം ഗുഹകളില്‍ ഒളിച്ച് താമസിക്കേണ്ടതായി വന്നു. എന്നാല്‍ ഗുഹകളില്‍ പോലും ഭരണാധിപന്മാര്‍ അവരെ പിന്തുടര്‍ന്ന് വധിക്കാന്‍ തുടങ്ങി. എന്നാല്‍ ദീനിന് വേണ്ടിയും തൗഹീദിനെ നിലനിര്‍ത്താന്‍ വേണ്ടിയും അവര്‍ എല്ലാം സഹിക്കുകയും. സ്ഥിതിഗതികള്‍ അല്‍പം ഭേദമാകുമ്പോള്‍ അവര്‍ പുറത്ത് വരികയും ചെയ്യുമായിരുന്നു. എന്നാല്‍ എപ്പോഴും അവര്‍ക്ക് കഷ്ടാനുഭവങ്ങളിലൂടെ മുന്നോട്ട് നീങ്ങേണ്ടതായി വന്നു. തൗഹീദിനെ നിലനിര്‍ത്തുന്നതിനും ദീനിനെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള അവരുടെ കഠിന പ്രയത്നം കാരണം അല്ലാഹു ഈ സംഭവത്തെ വിശുദ്ധ ഖുര്‍ആനിലും ഉള്‍പ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട ഒന്ന് രണ്ട് ആയത്തുകള്‍ ഞാന്‍ നിങ്ങളുടെ മുമ്പില്‍ വെക്കുന്നതാണ്. അല്ലാഹു വിശുദ്ധ ഖുര്‍ആനില്‍ ഇപ്രകാരം പറയുന്നു.

إِذْ أَوَى الْفِتْيَةُ إِلَى الْكَهْفِ فَقَالُوا رَبَّنَا آتِنَا
مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا ﴿١١﴾

ആ യുവാക്കള്‍ ഗുഹയിലേക്ക് അഭയം പ്രാപിച്ചപ്പോള്‍, അവര്‍ പറഞ്ഞു. ഞങ്ങളുടെ നാഥാ! നീ ഞങ്ങള്‍ക്ക് നിന്റെ പക്കല്‍ നിന്നുള്ള കാരുണ്യം നല്‍കേണമേ, ഞങ്ങളുടെ കാര്യത്തില്‍ നീ ഞങ്ങള്‍ക്ക് വഴിയൊരുക്കിത്തരികയും ചെയ്യേണമേ!.

രണ്ട് ആയത്തുകള്‍ക്ക് ശേഷം വീണ്ടും പറയുന്നു.

نَحْنُ نَقُصُّ عَلَيْكَ نَبَأَهُم بِالْحَقِّ ۚ إِنَّهُمْ
فِتْيَةٌ آمَنُوا بِرَبِّهِمْ وَزِدْنَاهُمْ هُدًى ﴿١٤﴾

അവരുടെ വൃത്താന്തങ്ങൾ നാം നിനക്ക് സത്യമായ നിലയിൽ വിശദീകരിച്ച് തരുന്നു. തീർച്ചയായും അവർ തങ്ങളുടെ നാഥനിൽ വിശ്വസിച്ച യുവാക്കളായിരുന്നു. സന്മാർഗ്ഗ ബോധം നാം അവർക്ക് വർദ്ധിപ്പിക്കുകയും ചെയ്തു.

ഇതിനെ വിശദീകരിച്ച്കൊണ്ട് അടുത്ത ആയത്തിൽ പറയുന്നു.

وَّرَبَطْنَا عَلٰى قُلُوْبِهِمْ اِذْ قَامُوْا فَقَالُوْا رَبُّنَا رَبُّ السَّمٰوٰتِ
وَالْاَرْضِ لَنْ نَّدْعُوَا۟ مِنْ دُوْنِهٖۤ اِلٰهًا لَّقَدْ قُلْنَاۤ اِذًا شَطَطًا ۱۵

തങ്ങളുടെ നാട്ടിൽ നിന്ന് പുറത്ത് പോകുന്നതിനായി അവർ എഴുന്നേറ്റപ്പോൾ നാം അവരുടെ ഹൃദയങ്ങളെ ബലപ്പെടുത്തി.അപ്പോൾ അവർ അന്യോന്യം പറഞ്ഞു: നമ്മുടെ നാഥൻ ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനാണ്. നാം അവനെക്കൂടാതെ മറ്റൊരു ദൈവത്തെയും ഒരിക്കലും വിളിച്ച് പ്രാർത്ഥിക്കുകയില്ല. അങ്ങനെ നാം ചെയ്തെങ്കിൽ നാം അതിരുകവിഞ്ഞ വാക്ക് പറഞ്ഞവരായിത്തീരും.

തൗഹീദിനെ നിലനിർത്തുന്നതിന് വേണ്ടി അവർ പരിശ്രമിക്കുകയും മർദ്ദനങ്ങൾ സഹിക്കുകയും, അല്ലാഹു തങ്ങളോട് കരുണ കാണിക്കേണമെന്നും സന്മാർഗ്ഗത്തിൽ തങ്ങളെ ചരിപ്പിക്കേണമെന്നും ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. ഇതിനുമുമ്പുള്ള ആയത്തുകളിൽ, ഇന്നത്തെ ക്രിസ്ത്യാനികൾ ഏകദൈവവിശ്വാസത്തെ ഉപേക്ഷിച്ച്കൊണ്ട് ഒരു വ്യക്തിയെ ദൈവപുത്രനായി കാണുന്നത് തികച്ചും വ്യാജമാണെന്നും ക്രിസ്ത്യാനികളുടെ യഥാർത്ഥ അധ്യാപനങ്ങളുമായി, വിശ്വാസവുമായി അതിന് യാതൊരു വിധ ബന്ധവുമില്ലെന്നും മനസ്സിലാക്കാവുന്നതാണ് അത് ഭയാനകമാണ്. തീർച്ചയായും ഇത് അവരെ ശിക്ഷക്കിരയാക്കുന്നതാണ്.

യഥാർത്ഥ അധ്യാപനത്തെ നിലനിർത്തുവാൻവേണ്ടി ക്രിസ്ത്യാനികൾ വളരെയധികം ത്യാഗങ്ങൾ ചെയ്തു. എന്നാൽ അത് ത്രിയേകത്വ സിദ്ധാന്തമായിരുന്നില്ല. ആ അധ്യാപനം ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായിരുന്നു. പിന്നീട് അല്ലാഹു അവരുടെ വിവിധ കാലഘട്ടങ്ങളെക്കുറിച്ച് വിവരിച്ചതിന് ശേഷം ഇപ്രകാരം പറഞ്ഞു. ഏകനായ അല്ലാഹുവിൽ വിശ്വസിക്കുകയും അതിൽ അടിയുറച്ച് നിൽക്കുകയും ചെയ്ത കാരണത്താൽ നാം അവരെ സന്മാർഗ്ഗത്തിൽ നിലനിർത്തുകയും അവരുടെ ഹൃദയങ്ങൾക്ക് ശക്തി പകരുകയും ചെയ്തു. അവർ എന്നും ഏകനായ അല്ലാഹുവിൽ വിശ്വസിക്കുമെന്നും ആരാധിക്കുമെന്നും അറിയിച്ചു. അല്ലാഹുവിന് പുറമെയുള്ള ആരാധകരെക്കുറിച്ച അവർക്ക് ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. എന്നാൽ പിന്നീട് കാലത്തിന്റെയും ഭരണകൂടങ്ങളുടേയും പ്രഭാവത്താൽ ക്രിസ്ത്യാനികൾ മെല്ലെ മെല്ലെ ത്രിയേകത്വ സിദ്ധാന്തത്തിലേക്ക് വഴിമാറുകയും തെറ്റായ ചിന്താഗതിക്കാർ ക്രൈസ്തവ മതത്തിന്റെ അമരക്കാരാവുകയും ത്രിയേകത്വം അവരിൽ കടന്ന് കൂടുകയും അവരുടെ മതകാര്യങ്ങൾക്ക് മേൽ ഭൗതികതയുടെ അതിപ്രസരമുണ്ടാവുകയും ചെയ്തു. ഇത്തരത്തിൽ അല്ലാഹുവിന് പങ്ക്കാരെ സൃഷ്ടിക്കുന്നവരെ നരഗാഗ്നിയിൽ ഇടുമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു.

ഈ ആയത്തുകൾ നിങ്ങളുടെ മുമ്പിൽ വെക്കാനുണ്ടായ കാരണം ക്രിസ്തീയമതം അതിന്റെ യഥാർത്ഥ അവസ്ഥയിൽ നിലനിന്ന കാലത്തോളം അതിന്റെ സംരക്ഷകർ യുവാക്കളായിരുന്നു. അവർ തങ്ങളുടെ വിശ്വാസത്തെ സുരക്ഷിതമാക്കുകയും അവരുടെ വിശ്വാസദാർഢ്യംകൊണ്ട് അല്ലാഹു മർദ്ദകരായ ഭരണാധികാരികൾക്ക് മുന്നിൽ തങ്ങളുടെ ദീനിനെ സംരക്ഷിക്കുകയും അല്ലാഹുവിനെ മാത്രം ആരാധ്യനായി കാണുകയും ചെയ്ത ആ സംഘത്തെ സന്മാർഗ്ഗത്തിൽ നിലയുറപ്പിക്കുകയും ചെയ്തു. അവർ യാതൊരു ഭൗതിക ഉപഹാരങ്ങളെക്കുറിച്ചും ചിന്തിച്ചിരുന്നില്ല. അവരെപ്പോഴും അല്ലാഹുവിന്റെ തൃപ്തിക്കാണ് മുൻഗണന നൽകിയത്. അല്ലാഹു പറയുന്നു. നാം ആ യുവാക്കളോട് അവരുടെ വിശ്വാസം കാരണത്താൽ എങ്ങനെയാണ് പെരുമാറിയത്? ﴿وَزِدْنٰهُمْ هُدًى﴾ നാം അവരുടെ സന്മാർഗ്ഗത്തിൽ പുരോഗതി നൽകി. ﴿وَّرَبَطْنَا عَلٰى قُلُوْبِهِمْ﴾ നാം അവരുടെ ഹൃദയങ്ങൾക്ക് ശക്തി പകർന്നു. ഇപ്രകാരം സന്മാർഗ്ഗത്തിൽ പുരോഗതി പ്രാപിക്കുകയും ഹൃദയങ്ങൾക്ക് ശക്തി പകരുകയും ചെയ്തപ്പോൾ അവർ തങ്ങളുടെ കാലഘട്ടത്തിലെ അഹങ്കാരികളായ രാജാക്കന്മാർക്ക് മുന്നിൽ സധൈര്യം വിളംബരം ചെയ്തു. ﴿لَنْ نَّدْعُوَا۟ مِنْ دُوْنِهٖۤ اِلٰهًا﴾ നാം അവനെക്കൂടാതെ മറ്റൊരു ദൈവത്തെയും ഒരിക്കലും വിളിച്ച് പ്രാർത്ഥിക്കുകയില്ല. ഞങ്ങൾ ഞങ്ങളുടെ ജീവനെയും അവകാശങ്ങളെയും ത്യജിക്കാൻ തയ്യാറാണ്. ഞങ്ങളുടെ പ്രിയപ്പെട്ടവരെയും ജിവനെയും ധനത്തെയും ത്യാഗം ചെയ്യാൻ തയ്യാറാണ്. എന്നാൽ തൗഹീദിൽ നിന്ന് ഞങ്ങളൊരിക്കലും പിന്നോട്ട് മാറുകയില്ല. ആ വിശ്വാസികളുടെ മാതൃകയാണ് നമ്മുടെ മുമ്പിലുള്ളത്. അവർക്ക് മുമ്പിൽ യാതൊരുവിധ മാതൃകകളുമുണ്ടായിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് മുമ്പിൽ നമ്മുടെ പ്രിയങ്കരനായ പ്രവാചകൻ മുഹമ്മദ് നബി ﷺ യുടെയും തിരുസ്വഹാബത്തിന്റെയും മാതൃകകളുണ്ട്. മാതൃകകളുടെ ആ ഉന്നതമായ നിലവാരം നമ്മിൽ നിന്നാവശ്യപ്പെടുന്നത്, തൗഹീദിനെ നിലനിർത്തുന്നതിനും സുസ്ഥിരമാക്കുന്നതിനും സന്മാർഗ്ഗത്തിന്റെ പാതയിലൂടെ മുന്നോട്ട് ഗമിക്കുന്നതിനും ജീവനെയും ധനത്തെയും സമയത്തെയും അന്തസ്സിനെയും ത്യാഗം ചെയ്യുന്നതാണെന്ന വാഗ്ദാനത്തെ എപ്പോഴും നമ്മുടെ മുന്നിൽ വെക്കുക എന്നതാണ്. പരീക്ഷണങ്ങളോ ഭൗതികമായ അത്യാഗ്രഹങ്ങളോ നമ്മുടെ വാഗ്ദാനം പാലിക്കുന്നതിൽ നമുക്ക് തടസ്സമായി നിൽക്കാൻ പാടുള്ളതല്ല. ദൈവിക ജമാഅത്തുകൾ പരീക്ഷണഘട്ടങ്ങളെ തരണം ചെയ്തുകൊണ്ട് മുന്നോട്ട് പോകുന്ന ഉദാഹരണങ്ങൾ കേൾക്കുമ്പോൾ ആദ്യം തന്നെ പാക്കിസ്ഥാനീ അഹ്മദികളുടെ ഭാഗത്തേക്കാണ് ശ്രദ്ധ തിരിയാറുള്ളത്. മറ്റ് ചില രാജ്യക്കാരുമുണ്ട്. അവിടങ്ങളിലും അഹ്മദികൾക്ക് മേൽ അനീതി നടന്ന്വരുന്നു. ഇന്ന് പാക്കിസ്ഥാനീ അഹ്മദികൾ ബുദ്ധിപരവും ശാരീരികവുമായ മർദ്ധനങ്ങൾ സഹിക്കുന്നതോടൊപ്പം തന്നെ തങ്ങളുടെ ജീവനെയും ധനത്തെയും ത്യാഗം ചെയ്തു വരുന്നവരാണ്. ഇതുപോലെ അറേബ്യൻ രാജ്യങ്ങളിലുള്ള അഹ്മദികളും ഇക്കാര്യത്തിൽ മുൻപന്തിയിലാണ്. ദിനേന ഇവരിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദിനേന ബൈഅത്തുകളുടെ ലറ്ററുകൾ അവിടെ നിന്ന് വരുന്നു. ഈ അറേബ്യൻ രാജ്യക്കാർക്കും അഹ്മദികളാവുന്നത് കൊണ്ട് കഷ്ടതകൾ അനുഭവിക്കേണ്ടതായി വരുന്നു. ഇവരും ഗുഹാവാസികളെ (അസ്ഹാബെ കഹ്ഫിനെ) പോലെയാണ് ജീവിതം കഴിച്ച് വരുന്നത്. പാക്കിസ്ഥാനിലേത് പഴയ ജമാഅത്തുകളാണ്. അവർ ഭയമന്യേ തങ്ങളുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്നു. അവിടെ ഒരഹ്മദിയും അഹ്മദിയ്യത്തിനെ രഹസ്യമാക്കിവെക്കാറില്ല. അവർ തിരിച്ചറിയപ്പെടുന്നു. എന്നാൽ നവാഗതർക്ക് ഇത് വളരെ ദുഷ്കരമാണ്. ഇവരിൽ ഭൂരിഭാഗം പേരും ആവേശമുള്ളവരും വിശ്വാസത്തിൽ പുരോഗതിയുള്ളവരുമാണ്. എന്നാൽ ചിലരിൽ ബലഹീനതയുമുണ്ടാകും. ജമാഅത്തിന്റെ കെട്ടുറപ്പിന് ആവശ്യമായ മറ്റൊരു കാര്യം. ജമാഅത്തായ നമസ്ക്കാരങ്ങൾക്കും

വിശാലമായുള്ള ജുമുഅകൾക്കും ചില ഘട്ടങ്ങളിൽ നിയന്ത്രണമുണ്ടാകുന്നു. അഹ്മദികളുടെ സുരക്ഷിതത്വത്തിനായി ഇത്തരം ഘട്ടങ്ങൾ ചിലപ്പോൾ ആവശ്യമാണ് താനും. അറബ് രാജ്യങ്ങളിൽ വളരെ പരിഭ്രമത്തോടെ ചിലർ എനിക്ക് കത്തെഴുതാറുണ്ട്, ഞങ്ങൾ ഏതുവരെ ഇങ്ങനെ മുന്നോട്ട് പോകും ഞാൻ അവർക്ക് ഗുഹാവാസികളുടെ ഉദാഹരണങ്ങൾ നൽകിക്കൊണ്ട് സഹനം കൈകൊള്ളാനായിട്ടാണ് ഉപദേശിക്കാറുള്ളത്. ഈ ദിനത്തിന് തീർച്ചയായും മാറ്റം സംഭവിക്കും. നബിമാരുടെ ചരിത്രവും ആ മാറ്റത്തെക്കുറിച്ച് തന്നെയാണ് പറയുന്നത് അതായത് തീർച്ചയായും മാറ്റം സംഭവിക്കും. ഇൻശാ അല്ലാഹ്. ഞങ്ങൾ ഏതുവരെ രഹസ്യമായി പരിപാടികൾ നടത്തിക്കൊണ്ടിരിക്കും എന്ന് ചോദിക്കുന്ന വിവിധ മുസ്‌ലിം രാജ്യങ്ങളിൽ കഴിയുന്ന അഹ്മദികൾക്ക് ഞാൻ നേരത്തെ പറഞ്ഞപോലെ ജുമുഅ പോലും രഹസ്യമായി നമസ്ക്കരിക്കേണ്ടതായിവരുന്നു. അവരോടെനിക്ക് പറയാനുള്ളത് ആ അനുഭൂതിയെ നിങ്ങൾ രുചിച്ചറിഞ്ഞിട്ടില്ല. അതായത് പാക്കിസ്ഥാനിലെ അഹ്മദികൾക്ക് ഒരു കാലത്ത് ഖിലാഫത്തിന്റെ തണലിൽ ജലസകളും ഇജ്ത്തിമകളും നടത്താൻ കഴിഞ്ഞു. എന്നാൽ അതിനുശേഷം കഴിഞ്ഞ 28 കൊല്ലങ്ങളായി തങ്ങളുടെ വിശ്വാസത്തെയും പ്രതിജ്ഞകളെയും സർവ്വവിധേനയും ത്യജിച്ച്കൊണ്ട് മുഹമ്മദീമസീഹിന്റെ അടിമകൾ മുന്നോട്ട്പോയിക്കൊണ്ടിരിക്കുന്നു. ഇത്ര കാലങ്ങളായുള്ള തടസ്സങ്ങളും നിരന്തരമായ പീഢനങ്ങളും സാധാരണകാര്യമല്ല. എന്നാൽ ക്ഷമയുടെയും സ്ഥിരതയുടെയും ഉദാത്ത മാതൃകകളായ പുരുഷന്മാരും സ്ത്രീകളും വൃദ്ധരും കുട്ടികളുമെല്ലാം ഈ ത്യാഗത്തിൽ പങ്കാളികളാണ്. എന്നാൽ ഇത് എന്നെന്നും നിലനിൽക്കുന്ന ത്യാഗങ്ങളല്ല. ഇത് 300 കൊല്ലങ്ങളോളം നിലനിൽക്കുന്നവയല്ല. ഈ ത്യാഗങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വേഗത്തിൽ നമ്മെ വിജയത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാപനത്തിന്റെ ലക്ഷ്യപ്രാപ്തിക്കായുള്ള പരിശ്രമങ്ങൾ, ചില രാജ്യങ്ങളിൽ ജമാഅത്തിന്റെ പ്രവർത്തനങ്ങളെ തടഞ്ഞതുകൊണ്ട് നിന്നുപോവുന്നതല്ല. നബി ﷺ യുടെ സത്യസന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുകയും തൗഹീദിനെ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് അഹ്മദിയ്യാ ജമാഅത്തിൽ നിക്ഷിപ്തമായിരിക്കുന്നത്. ഈ എതിർപ്പുകൾ കൊണ്ടോ നിയന്ത്രണങ്ങൾ കൊണ്ടോ ഈ പ്രവർത്തനം ഒരിക്കലും നിലച്ച്പോകുന്നതല്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ഓരോ ദിനത്തിലും ഒരു പുതിയ പ്രൗഢിയോടുകൂടി പുരോഗതികൾ പുലരുന്നതായി കാണുന്നു. കഴിഞ്ഞ ദിവസങ്ങളിൽ അയർലണ്ട് പള്ളിക്കായുള്ള ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കപ്പെട്ടു. ഇവിടെയുള്ള ആളുകൾക്ക് ക്രിസ്തീയമതവുമായി വലിയ ബന്ധമുള്ളത്കൊണ്ട് തന്നെ ഈ രാജ്യം യൂറോപ്പിൽ ക്രിസ്ത്യാനികളുടെ ഈറ്റില്ലമാണ്. ഭൂരിഭാഗം കാത്തോലിക്ക് വിഭാഗക്കാരാണ്. ചർച്ചുകളുമായി ഇവർക്ക് വളരെ അടുത്ത ബന്ധമാണുള്ളത്. എന്നാൽ യൂറോപ്പിലെ പല ക്രിസ്ത്യാനികളും തങ്ങളുടെ മതവുമായി തീരെ ബന്ധമില്ലാത്തവരായി മാറിയിരിക്കുന്നു. ഈ രാജ്യം ഭൂമിയുടെ ഒരറ്റംകൂടിയാണ്. കഴിഞ്ഞ ഖുത്വുബയിൽ വിശദമായി ഞാനതിനെക്കുറിച്ച് പറഞ്ഞിരുന്നു.

ഇവിടെ നടന്ന ശിലാസ്ഥാപനകർമ്മത്തിലും ഹോട്ടലിൽ നടന്ന റിസപ്ഷനിലും നൂറോളം വിദ്യാസമ്പന്നരാണ് പങ്കെടുത്തത്. അതിൽ എം.പി. മാരും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും പ്രൊഫസർമാരും അധ്യാപകരും വിവിധ മേഖലകളുമായി ബന്ധപ്പെട്ട പലരുമുണ്ടായിരുന്നു. ഗാൽവെ പട്ടണത്തിന്റെ മേയറും അവിടുത്തെ വലിയ പാതിരിയും അതിൽ പങ്കെടുത്തു. എല്ലാവർക്കും മുന്നിൽ ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനത്തെയും ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ സന്ദേശത്തെയും എത്തിക്കാനുള്ള തൗഫീഖ് ലഭിച്ചു. അവിടത്തെ നാഷണൽ ടി.വി.യും പത്രങ്ങളും ഇതിന് നല്ല കവറേജാണ് നൽകിയത്. അപ്രകാരം ഇസ്‌ലാമിന്റെ സന്ദേശങ്ങൾ ലക്ഷക്കണക്കിന് ആളുകളിലെത്തിക്കാൻ സാധിച്ചു. ഒരു ഭാഗത്ത് അഹ്മദിയ്യാ ജമാഅത്തിനെ പിടിച്ച് കെട്ടാൻ ശ്രമിക്കുകയാണെങ്കിൽ മറുഭാഗത്ത് തബ്‌ലീഗിനുള്ള വഴികളും അല്ലാഹു തുറന്ന് തരുന്നു. അയർലണ്ടിൽ അംഗസംഖ്യയനുസരിച്ച് നമ്മുടെ ജമാഅത്ത് ചെറുതാണ്. ഭൂരിഭാഗം പേരും യുവാക്കളാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും ഊർജ്ജസ്വലരാണ്. അതുകൊണ്ട്തന്നെ ഇവർക്ക് പലരുമായും ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ ഫങ്ഷന് ശേഷം ഇവരുടെ ബന്ധങ്ങൾ ഇനിയും വിശാലമാകുന്നതായിരിക്കും. അതിനായി പുതിയ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താൻ ഇവർ ശ്രമിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ഈ ആവേശത്തെ ഇവർ കാത്ത് സൂക്ഷിക്കുകയും പല സ്ഥലങ്ങളിലും വ്യാപിച്ചിരിക്കുന്ന ബന്ധങ്ങളിൽ നിന്ന് പ്രയോജനമുൾക്കൊള്ളുകയും ചെയ്യുകയാണെങ്കിൽ മുഹമ്മദീ മസീഹിന്റെ അടിമകൾ തൗഹീദിൽ നിന്ന് വ്യതിചലിച്ച മൂസവീ മസീഹിന്റെ ദാസരെ ഏകനായ അല്ലാഹുവിന് മുമ്പിൽ കുനിയുന്നുവരാക്കി മാറ്റുന്നതാണ്. ഒരു ഭാഗത്ത് ചില രാജ്യങ്ങളിൽ ഗുഹാവാസികൾക്ക് സമാനമായ അവസ്ഥ നമ്മെ ചിന്താകുലരാക്കുന്നുവെങ്കിൽ മറുഭാഗത്ത് ﴿ كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِيْ ﴾ ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു എന്ന കാര്യം നമ്മെ സമാശ്വസിപ്പിക്കുന്നതാണ്. മൂസവി മസീഹിന്റെ ഗുഹാവാസികളുടെ കാലഘട്ടത്തിന് ശേഷം ക്രിസ്തുമതം ശിർക്കിനെ വ്യാപിപ്പിക്കുന്നവരായി മാറിയിരിക്കുന്നു. എന്നാൽ മുഹമ്മദീ മസീഹിന്റെ വിശ്വാസികൾക്ക് 300 കൊല്ലം താണ്ടുന്നതിന് മുമ്പ് തന്നെ വിജയം ലഭിക്കും എന്നത് തീർച്ചയാണ്. ഈ വിജയം ശിർക്കിനെ വേരോടെ പിഴുതെറിയുന്നതും തൗഹീദിന്റെ പുനഃസ്ഥാപനത്തിന് കാരണവുമായിരിക്കും. ഇൻശാ.അല്ലാഹ്. നമുക്ക് ഒരു വിധത്തിലുള്ള നിരാശയുമില്ല. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് ആഗോളതലത്തിൽ വളരെയധികം വികാസം പ്രാപിച്ചിരിക്കുന്നു. ചില രാജ്യങ്ങളിൽ അഹ്മദികളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും ഹനിച്ചിരിക്കുന്നുവെങ്കിൽ ഓസ്ട്രേലിയ, ആഫ്രിക്ക, അമേരിക്ക,മറ്റ് ദ്വീപുകളിൽ വസിക്കുന്ന അഹ്മദികൾ സ്വാതന്ത്ര്യത്തോടെയാണ് കഴിഞ്ഞ് വരുന്നത്. അവർക്കായി ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനും അത് തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാനുമുള്ള മാർഗ്ഗങ്ങൾ തുറന്നിരിക്കുന്നു. തബ്‌ലീഗ് രംഗങ്ങളും തുറന്നുകിടക്കുന്നു. ഈ രാജ്യങ്ങളിൽ വസിച്ച്വരുന്ന അഹ്മദികളോട് എനിക്ക് പറയാനുള്ളത്. ഈ സൗകര്യങ്ങളും സ്വതന്ത്രമായ ജീവിതവുംകൊണ്ട് നിങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കുക. അല്ലാഹു ﴿ وَزِدْنٰهُمْ هُدًى ﴾ എന്നത് ഗുഹാവാസികൾക്ക് മാത്രം പ്രത്യേകപ്പെടുത്തിപ്പറഞ്ഞതല്ല. തങ്ങളുടെ വിശ്വാസസംരക്ഷണത്തിനായി ആര് തന്നെ ശ്രമിച്ചാലും അല്ലാഹു അവർക്ക് സന്മാർഗ്ഗം നൽകുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. അവരുടെ വിശ്വാസങ്ങളിൽ പുരോഗതി നൽകിക്കൊണ്ടിരിക്കും. ഇക്കാര്യത്തെക്കുറിച്ച്

സൂറാ അൻഫാലിൽ അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു.

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ زَادَتْهُمْ إِيمَانًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ

അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ തങ്ങളുടെ ഹൃദയങ്ങൾ ഭയചകിതമാകുകയും അവന്റെ വചനങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കപ്പെട്ടാൽ അത് അവർക്ക് വിശ്വാസത്തെ വർദ്ധിപ്പിക്കുകയും തങ്ങളുടെ നാഥനിൽ സർവ്വസ്വവും അർപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ. വീണ്ടും പറയുന്നു.

الَّذِينَ يُقِيمُونَ الصَّلَاةَ وَمِمَّا رَزَقْنَاهُمْ يُنفِقُونَ

(അപ്രകാരം തന്നെ) നമസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരത്രെ അവർ.

أُولَٰئِكَ هُمُ الْمُؤْمِنُونَ حَقًّا ۚ لَّهُمْ دَرَجَاتٌ عِندَ رَبِّهِمْ وَمَغْفِرَةٌ وَرِزْقٌ كَرِيمٌ

അവർ തന്നെയാണ് യഥാർത്ഥ വിശ്വാസികൾ. അവർക്ക് തങ്ങളുടെ നാഥന്റെയടുക്കൽ പദവികളും പാപമോചനവും മാന്യമായ വിഭവങ്ങളുമുണ്ട്.

ഇവിടെ അല്ലാഹു ഒരു യഥാർത്ഥ വിശ്വാസിയുടെ അടയാളങ്ങളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. വിശ്വാസികളെന്ന് വാദിക്കുന്നവർ തങ്ങളുടെ വാക്ക്കൊണ്ട് മാത്രം അതിനെ പൂർത്തീകരിക്കാൻ അവർക്ക് സാദ്ധ്യമല്ല. അതിന് ചില പ്രത്യേകതകളുമുണ്ട്. അവർ പരീക്ഷണഘട്ടങ്ങളിലും തങ്ങളുടെ വിശ്വാസത്തെ കാത്ത് രക്ഷിക്കുന്നവരായിരിക്കും. സന്തോഷഘട്ടങ്ങളിലും വിശ്വാസത്തെ സംരക്ഷിക്കുന്നതാണ്. അപ്രകാരം ഒരു യഥാർത്ഥ വിശ്വാസിക്ക് അല്ലാഹു നൽകിയ വാഗ്ദാനങ്ങളിൽ അവർ പങ്കാളികളായിരിക്കും. ഒരു വിശ്വാസി ഇപ്രകാരം വാദിക്കുന്നുവെങ്കിൽ അയാളുടെ വാക്കുകളും പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തിക്ക് കാരണമായിത്തീരേണ്ടതാണ്. അല്ലാഹുവിന്റെ നാമം നാവുകൊണ്ട് ഉച്ചരിച്ചാൽ മാത്രം പോരാ ഹൃദയത്തിലും ദൈവഭയമുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. പറയുന്നു. വിശ്വാസത്തിന്റെ അടയാളമെന്നത് ﴿إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ﴾ അതായത് അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ അവരുടെ ഹൃദയങ്ങൾ ഭയചകിതമാകുന്നു.

വിശ്വാസിയെ എപ്പോഴും വിജയത്തിലേക്ക് നയിക്കുന്നവനാണ് അല്ലാഹു. അതുകൊണ്ട് അവന്റെ തൃപ്തിയാണ് എപ്പോഴും മുന്നിലുണ്ടാവേണ്ടത്. അവന്റെ തൃപ്തി നമുക്ക് എങ്ങനെയാണ് കരഗതമാക്കാൻ കഴിയുക? അത് അവന്റെ കൽപനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെയാണ് കരഗതമാവുക. വിശ്വാസം എന്നത് വെറും നാവുകൊണ്ടുള്ള വാദമല്ല. അത് നിരന്തരമായി നിലനിൽക്കേണ്ട ഒരു പ്രവൃത്തിയാണ്. അത് ദുഷ്ക്കരമാണെന്ന് പറഞ്ഞ് ഒരിക്കലും തന്ത്രങ്ങൽ മെനയാവതല്ല. അവന്റെ വചനങ്ങൾ ദാസന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്ന അടയാളങ്ങളാണ്. ഇന്ന കൽപനപ്രകാരം എനിക്ക് പ്രവർത്തിക്കാൻ കഴിയും എന്നാൽ ഈ കൽപനക്കനുസരിച്ച് എനിക്ക് പ്രവർത്തിക്കാൻ സാധിക്കില്ല എന്നത് ശരിയല്ല. അല്ലാഹുവിന്റെ എല്ലാ കൽപനകളെയും ശ്രദ്ധിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് തന്നെയാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ അടയാളം.

ഇതിനെക്കുറിച്ച് മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത്,

وَالَّذِينَ إِذَا ذُكِّرُوا بِآيَاتِ رَبِّهِمْ لَمْ يَخِرُّوا عَلَيْهَا صُمًّا وَعُمْيَانًا

അവരുടെ നാഥന്റെ ദൃഷ്ടാന്തങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല.

താൻ തൗഹീദിൽ അടിയുറച്ച് വിശ്വസിക്കുന്നു എന്ന നാവുകൊണ്ടുള്ള വാദം കൊണ്ടോ അല്ലാഹുവിന്റെ കൽപനകൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള ശ്രമം നടത്താതെയോ ആർക്കും ഒരിക്കലും വിശ്വാസത്തിൽ പുരോഗതി പ്രാപിക്കാൻ സാദ്ധ്യമല്ല. മനുഷ്യൻ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് തന്റെ ജീവനെ തന്നെ ത്യാഗം ചെയ്യാൻ സന്നദ്ധനാവുമ്പോഴാണ് തൗഹീദിന്റെ സ്ഥാപനത്തിനുള്ള പരിശ്രമം വിജയപ്രദമാകുന്നത്. എല്ലാ അവസ്ഥകളിലും അല്ലാഹുവിൽ പൂർണ്ണമായും ഭരമേൽപ്പിക്കേണ്ടതാവശ്യമാണ്. അല്ലാഹു പറയുന്നു. യഥാർത്ഥ വിശ്വാസിയുടെ മറ്റൊരടയാളം നമസ്കാരത്തെ കാത്ത് സൂക്ഷിക്കുക എന്നതാണ്. ഞാൻ ഓതിക്കേൾപ്പിച്ച ആയത്തിൽ നിന്ന് അത് വ്യക്തമാണ്.

ഓരോ ഖാദിമും ഓരോ അഹ്‌മദിയും ഇജ്ത്തിമാകളിലും അതിന് ശേഷവും നമസ്ക്കാരം കാത്ത് സൂക്ഷിക്കേണ്ടതാവശ്യമാണ്. ഇജ്ത്തിമാകളിൽ പ്രത്യേകിച്ച് ജമാഅത്തായി നമസ്ക്കരിക്കാനുള്ള അവസരം ലഭിക്കാറുണ്ട്. എന്നാൽ സാധാരണ ദിവസങ്ങളിലും ജമാഅത്തായി കൃത്യസമയങ്ങളിൽ നമസ്ക്കരിക്കേണ്ടതാണ്. ഡ്യൂട്ടിക്കാരായ ഖുദ്ദാമുകളുമുണ്ടാകും അവരും നമസ്ക്കരിക്കേണ്ടതാണ്. ഡ്യൂട്ടിയുണ്ട് എന്ന കാരണത്താൽ ഒരിക്കലും നമസ്ക്കാരം നഷ്ടപ്പെടുത്താൻ പാടില്ല. ഞാൻ നേരത്തെ പറഞ്ഞത് പോലെ ഇജ്ത്തിമാകളിൽ മാത്രമല്ല സാധാരണ ദിവസങ്ങളിലും നമ്മുടെ പുരോഗതിയും വിജയവും ദുആകളുമായിട്ടാണ് ബന്ധിച്ച് നിൽക്കുന്നത്. അതിനായി ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام പല പ്പോഴായി ഈ ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ ദുആയുടെ ഏറ്റവും ഉന്നതമായ മാർഗ്ഗമായ നമസ്ക്കാരത്തെ കാത്ത്സൂക്ഷിക്കുക. ആ ഭാഗത്തേക്ക് നാം വളരെയധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം തൗഹീദിനെ സ്ഥാപിക്കാനായി ശ്രമിക്കുകയും അല്ലാഹുവിനെ മാത്രം യഥാർത്ഥ ആരാധ്യനായിക്കാണുകയും ചെയ്യുക എന്നതാണ് അവന്റെ യഥാർത്ഥ ലക്ഷ്യം. ഈ ലക്ഷ്യത്തിലെത്തിച്ചേരണമെങ്കിൽ നമസ്ക്കാരത്തെ കാത്ത് സൂക്ഷിക്കാതെ ഒരിക്കലും സാദ്ധ്യമല്ല. അഞ്ച്നേര നമസ്ക്കാരങ്ങളിലൂടെ തന്നെയാണ് ഒരു മനുഷ്യന്റെയുള്ളിൽ കുടികൊള്ളുന്ന അത്യാഗ്രഹങ്ങളുടെ ബിംബങ്ങളെ തകർക്കാൻ സാധിക്കുകയുള്ളൂ. പ്രത്യേകിച്ച് ഈ ഭൗതികജീവിതത്തിൽ അഞ്ച് നേര നമസ്ക്കാരങ്ങൾ തന്നെയാണ് തൗഹീദിനെ സ്ഥാപിക്കാൻ സഹായകമാവുന്നത്. നമ്മുടെ ഉള്ളിലെ ബിംബങ്ങളെയും പ്രത്യക്ഷബിംബങ്ങളെയും ഉടയ്ക്കുന്നത് ഈ നമസ്ക്കാരം തന്നെയാണ്. അതുകൊണ്ട് തൗഹീദിനെ സ്ഥാപിക്കാനും പ്രചരിപ്പിക്കാനും നമസ്കാരം എന്നത് അടിസ്ഥാനപരമായ കുറിപ്പടിയാണ്. അത് എപ്പോഴും നമ്മുടെ സ്മൃതിപഥങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. പിന്നീട് പറഞ്ഞു. ﴿وَمِمَّا رَزَقْنَاهُمْ يُنفِقُونَ﴾ നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുന്നതാണ്.

ദീനിന്റെ പ്രചരണത്തിനായും തൗഹീദിന്റെ സംസ്ഥാപനത്തിനായും ധനം ചെലവഴിക്കുന്നവരുടെ വിശ്വാസത്തിലും അല്ലാഹു വർദ്ധനവ് നൽകുന്നതാണ്. ജമാഅത്തിൽ

ധനപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് നൽകുന്ന ഉപദേശങ്ങളും ഈ കൽപനയുമായി ബന്ധപ്പെട്ടതാണ്.

ഞാൻ പാരായണം ചെയ്ത അവസാന ആയത്തിൽ അല്ലാഹു പറയുന്നു. ആദ്യ ആയത്തുകളിൽ പരാമർശിക്കപ്പെട്ടവർ തന്നെ യാണ് യഥാർത്ഥ വിശ്വാസികൾ. അല്ലാഹുവിന്റെ കാഴ്ചപ്പാടിൽ യഥാർത്ഥ വിശ്വാസികളാവുന്നവർ അവന്റെ പ്രത്യേക പാരിതോ ഷികങ്ങൾക്ക് കാരണക്കാരാവുന്നു. ആ പാരിതോഷികങ്ങൾ എന്നത് ﴿ دَرَجَاتٌ عِنْدَ رَبِّهِمْ ﴾ അവരുടെ നാഥന്റെയടുക്കൽ അവർക്ക് ഉന്നത പദവികളുണ്ട്. ﴿ وَمَغْفِرَةٌ وَرِزْقٌ كَرِيمٌ ﴾ പാപ മോചനവും മാന്യമായ വിഭവങ്ങളുമുണ്ട്. എന്നതാണ്.

വിശ്വാസത്തിന്റെ ആധിക്യവും സന്മാർഗ്ഗത്തിലുള്ള ആധിക്യവും വിശ്വാസിയെ ദൈവാനുഗ്രഹങ്ങളുടെ അനന്തരാവകാശിയാക്കി മാറ്റുന്നു. ഒരു വിശ്വാസിയുടെ പ്രവൃത്തി വിശ്വാസത്തിലും സന്മാർ ഗ്ഗത്തിലും പുരോഗതി പ്രാപിക്കാനായി എപ്പോഴും അല്ലാഹുവിന്റെ തൃപ്തിക്കായി പരിശ്രമിക്കുക എന്നതാണ്. അല്ലാഹുവിന്റെ തൃപ് തി കാംക്ഷിച്ച്കൊണ്ടുള്ള പ്രവർത്തനം തന്നെയാണ് യഥാർത്ഥ തഖ്‌വ. തഖ്‌വയിലൂടെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാ നുള്ള ശ്രദ്ധയുണ്ടാവുന്നു. അവന്റെ തൃപ്തി ലഭിക്കുമ്പോൾ പുരോഗ തിയുമുണ്ടാകുന്നു.അല്ലാഹു ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു.

وَالَّذِينَ اهْتَدَوْا زَادَهُمْ هُدًى وَآتَاهُمْ تَقْوَاهُمْ

നേർമാർഗ്ഗം സ്വീകരിച്ചവരാകട്ടെ, അവർക്ക് അവൻ സന്മാർഗ ബോധം വർദ്ധിപ്പിച്ച് കൊടുക്കുകയും അവർക്ക് അനുയോജ്യ മായ ഭയഭക്തി അവർക്ക് നൽകുകയും ചെയ്യുന്നതാണ്.

﴿ آتَاهُمْ تَقْوَاهُمْ ﴾ അവർക്ക് അനുയോജ്യമായ ഭയഭക്തി അവർക്ക് നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി യുടെ നിലവാരം ഉയരുന്നതോടൊപ്പം തഖ്‌വയിലും വർദ്ധനവുണ്ടാ കുന്നു. അല്ലാഹുവിലേക്ക് വരുന്നവർക്കും അവന്റെ തൃപ്തി കര സ്ഥമാക്കാനായി പരിശ്രമിക്കുന്നവർക്കും അല്ലാഹു പുതിയ മാർഗ്ഗ ങ്ങൾ പഠിപ്പിച്ച് കൊടുക്കുന്നു. അത് കരസ്ഥമാക്കുന്നതിലൂടെ അവരുടെ തഖ്‌വയുടെ നിലവാരം വർദ്ധിക്കുന്നു. അത്തരം വിശ്വാസികളെ അല്ലാഹു തന്റെ അനുഗ്രഹങ്ങളുടെ പുതപ്പു കളിൽ പൊതിയുന്നു. അവർ ആദ്യത്തേക്കാളധികം അവന്റെ അനുഗ്രഹങ്ങൾക്കവകാശികളാവുകയും. എപ്പോഴും അല്ലാ ഹുവിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു. അവരുടെ ത്യാഗ ങ്ങൾ അവന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുന്നു. ശത്രുക്ക ളുടെ ഭയപ്പെടുത്തലുകൾ വിശ്വാസികളെ സംബന്ധിച്ചേട ത്തോളം ദൈവസാമിപ്യത്തിന് കാരണമാക്കുന്നു.

نَحْنُ أَوْلِيَاؤُكُمْ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ

ഐഹികജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. ആ വിശ്വാസം കൂടുതൽ ദൃഢമാകുന്നു. അല്ലാഹു വിലുള്ള ദൃഢമായ വിശ്വാസം തന്നെയാണ് മൂസവി മസീഹിന്റെ പിൻഗാമികളെ ത്യാഗഭരിതരാക്കിയത്. അല്ലാഹു നമുക്ക് അതി നെക്കാൾ കൂടുതൽ വാഗ്ദാനങ്ങൾ നൽകിയിരിക്കുന്നു. ആ അല്ലാഹുവിനെ ധിക്കരിക്കാൻ ഒരു കാരണവും നമ്മുടെ മുമ്പി ലില്ല. അവന്റെ ആരാധനയിൽ നിന്ന് അലസത കാണിക്കുകയോ തൗഹീദിന്റെ സംസ്ഥാപത്തിന്റെ പരിശ്രമത്തിൽ അലസത കാണി ക്കാനോ പാടില്ല. ഞാൻ നേരത്തെ പറഞ്ഞത് പോലെ പാക്കിസ്ഥാ നിലെയും മറ്റ് രാജ്യങ്ങളിലെയും മുഹമ്മദീ മസീഹിനെ വിശ്വസി ക്കുന്നവരുടെ ഒരു സംഘം ദുആയോടുകൂടി അല്ലാഹുവിൽ സ്ഥിരതയോടെ വിശ്വസിക്കുകയും സന്മാർഗ്ഗം തേടുകയും ചെയ്യു ന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ വിശ്വാസത്തിലും ദൃഢതയിലും അവർ വളരെ പുരോഗതിയിലാണ്. അല്ലാഹു ഈ സംഘത്തിന്റെ ദുആകൾ കേട്ട്കൊണ്ടിരിക്കുന്നു. അവരുടെ വിശ്വാസത്തിന്റെ ശക്തികൊണ്ടും പൈശാചിക അക്രമങ്ങളോടു ള്ള ചെറുത്ത് നിൽപ് കൊണ്ടും അല്ലാഹു അവരുടെ ദുആകൾ കേട്ടുകൊണ്ട് അവരുടെ ഹൃദയങ്ങൾക്ക് ശക്തി പകർന്നിരിക്കു ന്നു എന്നതിനുള്ള തെളിവാണ്. യുവത്വത്തിലേക്ക് കാലെടുത്ത് വെച്ചവരും മുതിർന്ന യുവാക്കളും എല്ലാം പ്രത്യേക ആവേശ ത്തോടെ യാതൊരു വിധ ഭയവുമില്ലാതെ തങ്ങളെ ഏൽപ്പിച്ച ജോലികൾ പാക്കിസ്ഥാനിൽ ചെയ്ത്‌വരുന്നു. ചില ഗ്രൂപ്പുകൾ എനിക്കെഴുതാറുണ്ട്. യുവാക്കളുടെ ആവേശം കണ്ട് ഞങ്ങൾക്ക് അൽഭുതം തോന്നുന്നു. അഹ്മദി പള്ളികളെ സംബന്ധിച്ചിട ത്തോളം പോലീസുകാരും ബന്ധപ്പെട്ടവരും വളരെ അപകടകര മായ സ്ഥലമായിട്ടാണ് പറയുന്നത്, എന്നാൽ നമ്മുടെ യുവാക്കൾ അവിടെ ഡ്യൂട്ടി നൽകുന്നു. ചിലർ എഴുതുന്നു, ഒരു ഖാദിം ഒരു ദിവസം ഡ്യൂട്ടിക്കായി എത്തിയില്ലെങ്കിൽ യുവാക്കളുടെ യാതൊരു കുറവും അവിടെ അനുഭവപ്പെടുന്നില്ല. ഒരാൾക്ക് പകരം ഡ്യൂട്ടി ചെയ്യാൻ മൂന്ന് പേർ തയ്യാറാണ്. പകരക്കാരനായി തങ്ങൾ തെര ഞ്ഞെടുക്കപ്പെടാൻ യുവാക്കൾ ആഗ്രഹിക്കുന്നു. വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ ഞങ്ങൾ തിരിച്ച് വന്നാൽ അൽഹംദുലില്ലാ എന്ന് പറഞ്ഞ്കൊണ്ടാണ് ഇറങ്ങുന്നത്. ഞങ്ങൾ തിരിച്ച് വന്നില്ലെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയായിരിക്കുന്നുവെന്ന് കരു തുക, ഈ വിശ്വാസമാണ് അവരുടെ ഹൃദയങ്ങളിൽ നിലനിൽക്കു ന്നത്. മുഹമ്മദീ മസീഹിന്റെ അടിമകൾ ഒരു പ്രത്യേക ആവേശ മാണ് കാണിച്ച്കൊണ്ടിരിക്കുന്നത്. അല്ലാഹു ഇവരുടെ ആവേ ശത്തെ എപ്പോഴും ജീവസുറ്റതാക്കട്ടെ. അതോടൊപ്പം തന്നെ തന്റെ പ്രത്യേക അനുഗ്രഹംകൊണ്ട് ഇവരെ സുരക്ഷിതരാക്കു കയും ചെയ്യുമാറാകട്ടെ. ഇന്ന് മുഹമ്മദീ മസീഹിന്റെ വിശ്വാസി കളായ യുവാക്കളും ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്. അവർ തങ്ങളുടെ വാഗ്ദാനങ്ങളുടെ പാലനത്തിലും തൗഹീദിന്റെ സംസ്ഥാപനത്തിലും ആരുടെയും പിന്നിലല്ല. യഥാർത്ഥത്തിൽ ഇവർ തങ്ങളുടെ ജീവനെയും ധനത്തെയും സമയത്തെയും അന്ത സ്സിനെയും ത്യാഗം ചെയ്യാനായി സദാ സന്നദ്ധരായിരിക്കുകയാ ണ്. ഇവർ തീർച്ചയായും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കു ന്നവരാണ്. തഖ്‌വയിൽ പദമൂന്നിക്കൊണ്ട്, ആരാധനകളിൽ ഉന്നത നിലവാരം കാഴ്ചവെച്ച്കൊണ്ട് ദൈവപ്രീതിയെ ആദ്യത്തെക്കാ ളുപരി കരസ്ഥമാക്കേണ്ടതാണ്.

ഇന്ന് ഇവിടെ എന്റെ മുമ്പിൽ ഇജ്ത്തിമാ ഗാഹിലിരിക്കുന്ന നിങ്ങളെയാണ് ഞാൻ നേരിട്ട് അഭിസംബോധന ചെയ്യുന്നത്. നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇജ്ത്തിമകൾ നട ത്താനുള്ള സ്വാതന്ത്ര്യമുണ്ട്. നിങ്ങളുടെ ഇഷ്ടപ്രകാരം പ്രോഗ്രാ മുകൾ നടത്താം ശിക്ഷണപരമായ പരിപാടികൾ സംഘടിപ്പി ക്കാനും തബ്‌ലീഗ്പരമായ പരിപാടികൾക്കുള്ള സ്വാതന്ത്ര്യവുമു ണ്ട്. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങളെ മനസ്സിലാക്കുക. ഇജ്ത്തിമായുടെ ഈ മൂന്ന് ദിവസങ്ങളിൽ മാത്രം താൽക്കാലിക പരിവർത്തനം വരുത്തുക എന്നതല്ല നമ്മുടെ ലക്ഷ്യം. നിരന്തര മായ പരിവർത്തനം നിങ്ങളിലുണ്ടാക്കാനായി ശ്രമിക്കുക. തഖ്‌വ യുടെ നിലവാരത്തെ ഉയർത്തുക. ആരാധനകളുടെ നിലവാരം ഉയർത്തുക. പാശ്ചാത്യ സംസ്കാരത്തിന്റെ മാലിന്യത്തിൽ ആകൃ ഷ്ടരാകാതിരിക്കുക. നിങ്ങളുടെ സഹോദരന്മാരുടെ ത്യാഗങ്ങളെ

സ്മരിക്കുക. അവർ തങ്ങളുടെ വിശ്വാസത്തിന്റെ ശക്തികൊണ്ട് അഹ്മദിയത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ പതാകയെ ഉയർത്തിപ്പിടിക്കാനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ വിശ്വസ്ഥതയെയും പ്രതിജ്ഞകളെയും പാലിക്കാനായി എല്ലാ തരം ത്യാഗങ്ങളും അവർ ചെയ്യുന്നു. നിങ്ങൾ ഈ സ്വാതന്ത്ര്യത്തിന്റെ നന്ദി സൂചകമായി നിങ്ങളുടെ ആരാധനകളുടെയും തഖ്‌വയുടെയും നിലവാരത്തെ ഉയർത്തുക, അഹ്മദിയ്യത്തിന്റെ സന്ദേശം എല്ലായിടങ്ങളിലുമെത്തിക്കാൻ പൂർണ്ണമായും ശ്രമിക്കുക, തബ്‌ലീഗിന്നായി എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കുക. നൂതനമായ മാർഗ്ഗങ്ങൾ യുവാക്കൾക്ക് നല്ല രീതിയിൽ ഉപയോഗിക്കാൻ സാധിക്കും. അഹ്മദികളായ യുവാക്കൾ ഇന്ന് രണ്ട് വിധത്തിലുള്ള സാഹചര്യങ്ങളിലും തങ്ങളുടെ പ്രവർത്തനങ്ങൾ കാണിക്കേണ്ടിയിരിക്കുന്നു. ബാഹ്യമായ ചുറ്റുപാടുകൾ രണ്ട് വിധമുണ്ട്.തങ്ങളുടെ നഫ്സിന്റെ ശുദ്ധീകരണം എന്നത് ആന്തരീകമാണ്.രണ്ട് കാര്യങ്ങളിൽ ഇസ്‌ലാമിന്നെതിരിൽ ഉണ്ടാകുന്ന അക്രമങ്ങളെ ചെറുത്തു തോൽപ്പിക്കുക മറ്റൊന്ന് അഹ്മദിയ്യത്തിനെതിരിൽ ഉണ്ടാകുന്ന അക്രമണങ്ങളെ പ്രതിരോധിക്കുക എന്നതാണ്. ഇന്ന് വെബ്സൈറ്റുകൾ പലതുണ്ട്. അവയിൽ പലവിധത്തിലുള്ള വ്യത്തിഹീനമായ ആക്ഷേപങ്ങൾ വരാറുണ്ട്. അവയെ സത്യസന്ദേശങ്ങൾ കൊണ്ട് നിറയ്ക്കുക. അതിനായി വ്യവസ്ഥാപിതമായ രീതിയിൽ എല്ലാ വൈബ്സൈറ്റുകളിലും സന്ദേശങ്ങൾ അയക്കുക. നിങ്ങൾക്ക് അറിവിന്റെ കുറവുണ്ടെങ്കിൽ വലിയവരിൽ നിന്നും മുബല്ലിഗീങ്ങളിൽ നിന്നും സഹായം തേടാവുന്നതാണ്. ഇന്ന് ലോകത്തുള്ള എല്ലാ ഖാദിമും ഈ പ്രവർത്തനത്തിന്റെ ഭാഗമായി മാറേണ്ടതാണ്. എങ്കിൽ മാത്രമേ തൗഹീദിന്റെ സംസ്ഥാപനത്തിനായി ശരിയായ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. മൂസവീ മസീഹിന്റെ പിൻഗാമികളായ യുവാക്കൾ നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാത്രമാണ് പ്രവർത്തിച്ച് വന്നത്. എന്നാൽ മുഹമ്മദീ മസീഹിന്റെ യുവാക്കൾക്ക് നൂതന മാർഗ്ഗങ്ങളിലൂടെ ലോകം മുഴുവനും അവർക്ക് വിപ്ലവം സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിലേക്ക് പ്രത്യേകമായി ശ്രദ്ധിക്കുക. അല്ലാഹു നമുക്കേല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അവസാനമായി ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഒരു ഉദ്ധരണി നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. പറയുന്നു. അല്ലയോ എന്റെ ജമാഅത്തംഗങ്ങളേ, അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകട്ടെ എല്ലാ വിധ കഴിവുകളുമുള്ള അല്ലാഹു നിങ്ങളെ പരലോകയാത്രക്കായി നബിﷺയുടെ സഹാബാക്കളെ സുസജ്ജരായത്പോലെ സജ്ജരാക്കട്ടെ. ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക. ഈ ലോകം ഒന്നും തന്നെയല്ല, വെറും ഭൗതികതയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ജീവിതം ശാപഗ്രസ്ഥമാണ്. ഒരാളുടെ ദുഃഖവും കഷ്ടതകളും ഈ ലോകവുമായി മാത്രം ബന്ധപ്പെട്ടതാണെങ്കിൽ അയാൾ നിർഭാഗ്യവാനാണ്. അത്തരക്കാർ എന്റെ ജമാഅത്തിലുണ്ടെങ്കിൽ അവർ എന്റെ ജമാഅത്തിൽ നിൽക്കുന്നത് വെറുതെയാണ്. എന്തുകൊണ്ടെന്നാൽ അത്തരക്കാർ ഫലം നൽകാത്ത ഉണങ്ങിയ ശാഖകളെപ്പോലെയാണ്. അല്ലയോ സൗഭാഗ്യവാന്മാരേ, നിങ്ങൾ ഈ അധ്യാപനത്തിലേക്ക് വേഗത്തിൽ വരുവിൻ, ഇത് നിങ്ങളുടെ മോക്ഷത്തിനായി നൽകപ്പെട്ടതാണ്. നിങ്ങൾ അല്ലാഹുവിനെ ഏകനും പകരക്കാരനില്ലാത്തവനുമായി കാണുക. അവനുമായി ഭൂമിയിൽ നിന്നും ആകാശത്തിൽ നിന്നും, യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുക. സാധാന സാമഗ്രികളെ ഉപയോഗിക്കുന്നതിൽ അല്ലാഹു നിങ്ങളെ വിലക്കുന്നില്ല. എന്നാൽ അല്ലാഹുവിനെ ഉപേക്ഷിച്ച് സാധനസാമഗ്രികളിൽ ഭരമേൽപിക്കുന്നവൻ ശിർക്ക് ചെയ്യുന്നവനാണ്. അല്ലാഹു നടേ പറഞ്ഞുവന്നതാണ്. പരിശുദ്ധ ഹൃദയനാകാതെ മോക്ഷം ലഭിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ പരിശുദ്ധ ഹൃദയരാകുകയും വിദ്വേഷങ്ങളിൽ നിന്നും അസൂയയിൽ നിന്നും കോപങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുക. മനുഷ്യന്റെ ദോഷപ്രവണമായ ആത്മാവിൽ പല മാലിന്യങ്ങളുമുണ്ട്. അതിലേറ്റവും കൂടുതൽ അഹങ്കാരത്തിന്റെതാണ്. അഹങ്കാരമില്ലായിരുന്നെങ്കിൽ ആരും സത്യനിഷേധികളാകുമായിരുന്നില്ല. നിങ്ങൾ ഹൃദയംകൊണ്ട് ദരിദ്രരാവുക, പൊതുവായി സമസൃഷ്ടികളോട് സഹതാപം കാണിക്കുക, അല്ലാഹുവിന്റെ കൽപനകളിൽ ഭയത്തോടെ പ്രവർത്തിക്കുക. തീർച്ചയായും നിങ്ങൾ ചോദിക്കപ്പെടും. നമസ്കാരത്തിൽ വളരെയധികം ദുആ ചെയ്യുക. അല്ലാഹു നിങ്ങളിൽ ആകൃഷ്ടനാകാൻ വേണ്ടി. നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കാൻ, മനുഷ്യൻ ബലഹീനനാണ്. തിന്മകൾ ദുരീകരിക്കപ്പെടുന്നത് അല്ലാഹുവിന്റെ ശക്തികൊണ്ടാണ്.മനുഷ്യൻ അല്ലാഹുവിൽ നിന്ന് ശക്തി സംഭരിച്ചില്ലെങ്കിൽ തിന്മകൾ ദുരീകരിക്കപ്പെടുന്നതല്ല എന്നോർക്കുക. ഇസ്‌ലാം എന്നത് സമ്പ്രദായമെന്ന നിലക്ക് കലിമ ഉരുവിട്ടുകൊണ്ടിരിക്കുന്നതിന്റെ പേരല്ല. ഇസ്‌ലാമിന്റെ യാഥാർത്ഥ്യം എന്നത് നിങ്ങളുടെ ആത്മാക്കൾ അല്ലാഹുവിന്റെ സന്നിധിയിൽ വീഴുക എന്നതാണ്. അല്ലാഹുവിന്റെ കൽപനകൾക്ക് മറ്റെല്ലാത്തിനേക്കാളും മുൻഗണന നൽകുക. അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് ﷺ ന്റെ മാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സൗഭാഗ്യം നൽകട്ടെ. ആമീൻ.

KHUTHBA:

**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 24-09 - 2010 at
London

**വിവർത്തനം**
മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ്, കണ്ണൂർ സിറ്റി , **PHONE : 9895109624**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**